# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6074 04/11/2016-ൽ മറുപടിയ്ക്ക്**

## അന്യം നിന്നുപോകുന്ന മത്സ്യയിനങ്ങളുടെ വിത്ത് ശേഖരണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനിൽ നിന്നും തിരുത, കണമ്പ്,പൂമീൻ തുടങ്ങിയ മത്സ്യയിനങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിന് സംവിധാനമുണ്ടോ; | എ) തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യ ഇനങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും ഏറെ പ്രിയതരമാണെങ്കിലും ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള പ്രജനനം (ചെന്നൈയിലുള്ള സി.ഐ.ബി.എയുടെ ചില ഗവേഷണ നേട്ടങ്ങളൊഴിച്ചു നിർത്തിയാൽ) ഇന്ത്യയിൽ തന്നെ ശൈശവാവസ്ഥയിൽ ആണെന്നും പറയാം. അതിനാൽ പ്രകൃതിയിൽ നിന്നുള്ള വിത്തുകൾ തന്നെയാണ് 90% പേരും കൃഷിക്കായി ആശ്രയിക്കുന്നത്. ഫിഷറീസ് സ്റ്റേഷനും ഇങ്ങനെയാണ് മത്സ്യവിത്തുകൾ ശേഖരിക്കുന്നത്. |
| ബി) എങ്കിൽ 2000 മുതൽ 2015 വരെയുള്ള കാലയളവിൽ ലഭിച്ച മത്സ്യവിത്തുകൾ എത്രയെന്ന് വിശദമാക്കുമോ; | ബി) 2000-2015 വരെയുള്ള കാലയളവിൽ ഏകദേശം അഞ്ചു ലക്ഷത്തോളം കുഞ്ഞുങ്ങളെ ശൈശവാവസ്ഥയിൽ ശേഖരിച്ച് യഥാവിധി തീറ്റകൾ കൊടുത്തു, വിരൽ വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തിട്ടു ണ്ട്. 2010 ന് ശേഷം ഇങ്ങനെ ലഭിക്കുന്ന കുഞ്ഞുങ്ങളുടെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം ആയിരത്തിൽ താഴെ കുഞ്ഞുങ്ങളെ മാത്രമേ ലഭിച്ചിട്ടുള്ളൂ. അതുകൊ ണ്ട് തന്നെ ഓരുജല കർഷകർ മത്സ്യവിത്തുകളുടെ രൂക്ഷമായ ദൗർലഭ്യം നേരിടുന്നു ണ്ട്. |
| സി) മത്സ്യവിത്തിന്റെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | സി) മത്സ്യവിത്തിന്റെ ലഭ്യത കുറയുന്നതിന് പല കാരണങ്ങൾ ഉ ണ്ട്. ദീർഘ വീക്ഷണമില്ലാത്തതും അശാസ്ത്രീയവുമായ മനുഷ്യ ഇടപെടലുകളാണ് എല്ലായിടത്തേയും പോലെ ഇതിന്റെയും മൂല കാരണം. സ്റ്റേഷനെ അറബിക്കടലുമായി ബന്ധിപ്പിക്കുന്ന ആർ.എം.പി കനാലിന്റെ ആഴക്കുറവും ജലമലിനീകരണവും അതിലൂടെ വരുമായിരുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തിൽ ഏറെ കുറവ് വരുത്തിയിട്ടു ണ്ട്. ഇതു കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നിരന്തരമായ ഡ്രഡ്ജിങ്ങും തന്മൂലമുള്ള വെള്ളത്തിന്റെ കലക്കവും, എൽ.എൻ.ജി, ഐ.ഒ.സി, ബി.പി.സി.എൽ തുടങ്ങിയ കമ്പനികളുടെ വൻ തോതിലുള്ള |

നിർമ്മാണ പ്രവർത്തനങ്ങളും ഒരു പരിധിവരെ പൊരുന്ന മത്സ്യങ്ങൾ ഇവിടെ നിന്നും അകന്നുപോകുവാൻ കാരണമായിട്ടുണ്ട്. ഇവയെല്ലാം തന്നെ മത്സ്യ കുഞ്ഞുങ്ങളുടെ ദൗർലഭ്യത്തിന് കാരണമാകുന്നു.

ഡി) അന്യം നിന്നുപോകുന്ന തിരുത, കണമ്പ്, പൂമീൻ ഉടങ്ങിയ മത്സ്യയിനങ്ങളുടെ വംശവർദ്ധനവിനായി കേരള ഫിഷറീസ് യൂണിവേഴ്സിറ്റി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഡി) ഈ സെന്ററിന് കീഴിൽ ഇതിന്റെ പ്രത്യുല്പാദനം ലക്ഷ്യമിട്ട് ഹാച്ചറിങ് ടെക്നോളജി ഡിപ്പാർട്ട്മെന്റ് നടത്തുന്നതിനും ഉചിതമായ സാങ്കേതികവിദ്യ കർഷകർക്ക് കൈമാറുന്നതിനുമുള്ള പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യഇനങ്ങളുടെ വിത്തുൽപ്പാദനവും വിപണനവും ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു ഹാച്ചറി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

**സെക്ഷൻ ആഫീസർ**